"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.412/2024/WCDD　തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:- 1. സ.ഉ.(അച്ചടി) 63/2024/LBR തീയതി.05.09.2024.

2. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07.09.2024-ലെ KSWDC/EA2/2459/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2023-24 വർഷത്തെ പെർഫോമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിട്ടുണ്ട്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് പെർഫോമൻസ് ഇൻസെന്റീവ് അനുവദിക്കുന്ന വിഷയം 192-ാമത് ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും 2023-24 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനിലെ സർവീസിൽ ഉണ്ടായിരുന്ന (സ്ഥിരം, കരാർ, ദിവസ വേതന) ജീവനക്കാർക്ക് സമാന കോർപ്പറേഷനായ KSBCDC യുടെ മാതൃക പിന്തുടർന്നു കൊണ്ട് വാർഷിക ശമ്പളത്തിന്റെ (Basic Pay+DA) 8.33% തുക പെർഫോർമൻസ് ഇൻസെന്റീവ് അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വരുന്ന പരമാവധി ചെലവ് 50 ലക്ഷം രൂപയാണെന്നും NAPE പദ്ധതി അനുസരിച്ച് NSFDC യിൽ നിന്നും ഇൻസെന്റീവ് തുക ലഭിക്കുന്ന പക്ഷം ആയത് ടി ചെലവിന് തനത് ഫണ്ടിലേയ്ക്ക് വകയിരുത്തുന്നതുമാണെന്നും പ്രസ്തുത സാഹചര്യത്തിൽ കോർപ്പറേഷന്റെ മികച്ച പ്രവർത്തന നേട്ടം പരിഗണിച്ച് ജീവനക്കാർക്ക് ബോർഡിന്റെ ശുപാർശ പ്രകാരം പെർഫോമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് 2023-24 സാമ്പത്തിക വർഷം അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് വനിതാ വികസന

കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 8-ലെ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി, കേരള സംസ്ഥാന വനിതാ വികസന കോർ പ്പറേഷനിൽ 2023-24 സാമ്പത്തിക വർഷത്തിൽ സർവീസിൽ ഉണ്ടായിരുന്ന (സ്ഥിരം, കരാർ, ദിവസ വേതന) ജീവനക്കാർക്ക് വാർഷിക ശമ്പളത്തിന്റെ (Basic Pay+DA) 8.33% തുക പെർഫോമൻസ് ഇൻസെന്റീവ്/ പ്രോഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് അനുവദിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വനിത ശിശു വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

തൊഴിൽ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 26-10-2024 14:34:19